**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** **23-07-2021 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ പനച്ചമൂട് പബ്ലിക്ക് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ രൂപരേഖയിൽ എന്തൊക്കെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | പനച്ചമൂട് മാർക്കറ്റ് നവീകരണത്തിനായി 462.83 ലക്ഷം രൂപയുടെ ഫണ്ടിംഗ് സാംഗ്ഷൻ കിഫ്ബിയിൽ നിന്നും 09.08.2020-ന് ലഭിച്ച പ്രകാരം സാങ്കേതികാനുമതി നൽകി. 25.09.2020-ൽ ദർഘാസ് നടപടികൾ പൂർത്തിയാക്കി, 02.11.2020-ന് പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ നിലവിൽ സൈറ്റിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്ഥലം നിർമ്മാണ പ്രവൃത്തിക്കായി ഇതുവരെ പഞ്ചായത്തിൽ നിന്നും കൈമാറി ലഭിക്കാത്തതിനാൽ; കരാറുകാരനെ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം നിയമവിധേയമായി വിടുതൽ ചെയ്തിട്ടുള്ളതാണ്. സ്ഥലം നിർമ്മാണ പ്രവൃത്തിക്കായി കൈമാറി ലഭിക്കുന്നതിനായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനർക്രമീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ട ഇനങ്ങൾ ചുവടെ ചേർക്കുന്നു :- (1) 2842 ച.മീറ്ററിൽ രണ്ട് നിലകളിലായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. (2) താഴത്തെ നിലയിൽ 38 സ്റ്റാളുകളും മുകളിലത്തെ നിലയിൽ 37 സ്റ്റാളുകളും ക്രമീകരിച്ചിട്ടുണ്ട്. (3) ഇതുകൂടാതെ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാനായി ചിൽ റൂം, സ്ത്രീകൾക്കും പുരുഷന്മാർക്കും ടോയ് ലറ്റ് അടങ്ങിയ വെവ്വേറെ വിശ്രമ മുറികൾ, വെവ്വേറെ സെക്യൂരിറ്റി റൂം, പ്രിപ്പറേഷൻ റൂം, ഡ്രെയിനേജ് സംവിധാനം എന്നിവ മാർക്കറ്റ് കെട്ടിടത്തിൽ ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 30% തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കി നൽകണം എന്നുള്ള വ്യവസ്ഥ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | നിർമ്മാണ പ്രവൃത്തിക്കായി നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്ഥലം പഞ്ചായത്തിൽ നിന്നും കൈമാറി നൽകുന്നതിനായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. നടപടി ത്വരിതപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ യോഗനടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ